LIBRARY ARCHIVES Kerala Legislative Assembly

## തൊഴിൽ തർക്കങ്ങൾ

**245 (910)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ തർക്കങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം തർക്കങ്ങൾ യഥാസമയം പരിഹരിക്കപ്പെടാത്തത് വ്യവസായ മേഖലയെ ദോഷകരമായി ബാധിക്കുന്നതാണെന്നത് നിരീക്ഷിച്ചിട്ടുണ്ടോ ;

(സി) അടിയന്തരമായി തൊഴിൽ തർക്കങ്ങൾ തീർപ്പാക്കുന്നതിനും വ്യവസായ ശാലകളിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തൊഴിൽ തർക്കങ്ങൾ കാലതാമസമില്ലാതെ പരിഹരിക്കുവാനും വ്യവസായശാലകളിലെ തൊഴിൽ പ്രതിസന്ധികളിൽ സമയോചിതമായി ഇടപെട്ട് കാലവിളംബം കൂടാതെതന്നെ പ്രതിസന്ധി പരിഹരിക്കുവാനും തൊഴിൽ വകുപ്പ് ആത്മാർഥമായി പരിശ്രമിക്കുന്നുണ്ട്. തൊഴിൽ തർക്കങ്ങൾ സംബന്ധിച്ച വിവരം ലഭ്യമായാൽ അനുരഞ്ജന ഉദ്യോഗസ്ഥർ ഇടപെട്ട് ഇരുകൂട്ടരെയും ചർച്ചയ്ക്ക് വിളിക്കുകയും പ്രശ്നം അടിയന്തരമായി പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ചർച്ചയിൽ സമവായം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇരുകൂട്ടരും തമ്മിൽ അനുരഞ്ജന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ കരാർ ഒപ്പുവയ്ക്കുകയും തുടർന്ന് കരാർ പ്രാബല്യകാലഘട്ടത്തിൽ കരാർ വ്യവസ്ഥപ്രകാരം വ്യവസായ സ്ഥാപനം സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നതുമാണ്.

## തൊഴിലാളി ക്ഷേമപെൻഷനുകൾ

**246 (911)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലാളിക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം എത്രയാണ് ; ക്ഷേമനിധി ബോർഡ് തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം തൊഴിലാളി പെൻഷനുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചത് ; പുതുക്കിയ തുകയ്ക്ക് എന്നുമുതലാണ് പ്രാബല്യം ഉള്ളത് ;

(സി) എന്നു വരെയുള്ള ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തിട്ടുള്ളത് ; എത്ര രൂപ കുടിശ്ശിക ഉണ്ട് ; ക്ഷേമനിധി ബോർഡ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) പെൻഷൻ കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ധന സഹായത്തോടെ പെൻഷൻനൽകുന്ന താഴെപ്പറയുന്ന ബോർഡുകളിലും നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിലും പെൻഷൻ 1-4-2013 മുതൽ 400 രൂപയിൽ നിന്നും 500 രൂപയായും 1-4-2014 മുതൽ 500 രൂപയിൽനിന്നും 600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ബോർഡിന്റെ സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ നൽകുന്ന ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് ചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ പെൻഷൻ വർദ്ധിപ്പിച്ചിട്ടില്ല. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് 18-5-2015-ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1-6-2015 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ബോർഡ് സ്വന്തം ഫണ്ടിൽനിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ കുടിശ്ശികയില്ല. എന്നാൽ സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന ബോർഡുകളിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള ബോർഡുകളിൽ 2015 ജനുവരി മുതൽ പെൻഷൻ കുടിശ്ശികയാണ്. കേരള ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിയിലെ സ്റ്റാറ്റേർഡ് തൊഴിലാളികൾക്ക് 2014 ഏപ്രിൽ മുതൽ കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡ് തിരിച്ചുള്ള കുടിശ്ശികയുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly